**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **08-12-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡുകളിൽ കുഴി എടുത്തത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വാട്ടർ അതോറിറ്റിയും വ്യത്യസ്ത നിരക്കുകൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (എ) | പൊതുമരാമത്ത് വകുപ്പ് മുഖേന റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്ന അവസരത്തിൽ നിലവിലുള്ള അംഗീകൃത റെസ്റ്റോറേഷൻ നിരക്കുകൾ പ്രകാരമാണ് റെസ്റ്റോറേഷൻ തുക കണക്കാക്കുന്നത്. സംസ്ഥാനത്തെ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കുഴികൾ എടുക്കുന്ന അവസരത്തിൽ റോഡുകൾ റെസ്റ്റോറേഷൻ ചെയ്ത് പൂർവ്വസ്ഥിതിയിൽ ടാർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം 24.02.2022-ലെ ജി.ഒ.(എം.എസ്.) നം.8/2022/പൊ.മ.വ. പ്രകാരം വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ഇതിനായി റോഡുകളുടെ റെസ്റ്റോറേഷന് ആവശ്യമായ എസ്റ്റിമേറ്റ് MoRTH Specification പ്രകാരം വാട്ടർ അതോറിറ്റിയാണ് തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ